No.1148/5LLB/2013/TA2/CEE

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## 2013–14 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സ് പ്രവേശനം അവസാന ഘട്ട അലോട്ടുമെന്റ്

കേരളത്തിലെ സർക്കാർ ലോ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2013–14 വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കു പ്രവേശനത്തിനുള്ള അവസാന ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് **23.10.2013** ന് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. **21.10.2013** വൈകുന്നേരം **4** മണി വരെ രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്.

വിദ്യാർത്ഥികൾക്ക് അവരുടെ ആപ്ലിക്കേഷൻ നമ്പർ, റോൾ നമ്പർ, കീ നമ്പർ എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ചശേഷം തങ്ങളുടെ അലോട്ടുമെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്ടുമെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ടുമെന്റിന്റെ വിശദാംശങ്ങൾ, അനുവദിച്ച സംവരണം, ട്യൂഷൻ ഫീസ്, ഡെപ്പോസിറ്റ് തുക തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്.

അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അവരുടെ അലോട്ടുമെന്റ് മെമ്മോയും പ്രോസ്പെക്ടസ് ഖണ്ഡിക 16 ൽ പറയുന്ന അസ്സൽ രേഖകളും സഹിതം **2013 ഒക്ടോബർ 24, 25, 26** എന്നീ തീയതികളിൽ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ മുമ്പാകെ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മുഴുവൻ ഫീസും കോളേജിൽ ഒടുക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ **26.10.2013 വൈകുന്നേരം 5.30 ന്** നോൺ ജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായും അതിന്റെ പ്രിന്റൗട്ടിൽ ഒപ്പ് രേഖപ്പെടുത്തിയ ശേഷം ഫാക്സ് മുഖേനയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയച്ചു തരേണ്ടതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും അവസാന ഘട്ട അലോട്ട്മെന്റിനോടനുബന്ധിച്ച് 18.10.2013 ന് പ്രസിദ്ധീകരിച്ച വിശദമായ വിജ്ഞാപനവും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെ താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **0471–2339101, 2339102, 2339103, 2339104.**

തിരുവനന്തപുരം
22.10.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ- ഇൻ ചാർജ്**